**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1014** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | ആലത്തൂർ നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുന്നതാരാണെന്ന് അറിയിക്കാമോ; | (സി) | ജല ജീവൻ മിഷൻ പദ്ധതി പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഭരണാനുമതി ലഭിച്ചുകഴിഞ്ഞ പ്രവൃത്തികളിൽ, പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട് വരുന്ന പഞ്ചായത്ത് റോഡ് പുനർനിർമാണ പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. എന്നാൽ ഇനി ഭരണാനുമതി നൽകുന്ന പ്രവൃത്തികളിൽ ഉൾപ്പെട്ട റോഡ് പുനർനിർമാണ പ്രവൃത്തികൾക്കുള്ള തുക പദ്ധതിയുടെ അടങ്കൽ തുകയുടെ ഭാഗമാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പദ്ധതി മുഖേന ജലവിതരണം എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ? | (ഡി) | നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ 2023 ഓടുകൂടിയും പുതിയ പദ്ധതികൾ 2024 ഓടുകൂടിയും പൂർത്തീകരിച്ച് എല്ലാ പഞ്ചായത്തുകളിലും ജലവിതരണം നടത്താനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ആലത്തൂർ നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി

| പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കണക്ഷനുകൾ | ഭരണാനുമതി തുക ലക്ഷത്തിൽ | ഭരണാനുമതി തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| കിഴക്കഞ്ചേരി | 150 | 45.50 | 21.08.2020 | 1463 കണക്ഷനുകൾ നൽകി കഴിഞ്ഞു |
| കിഴക്കഞ്ചേരി | 1190 | 155.00 | 24.12.2020 | |
| കിഴക്കഞ്ചേരി | 4000 | 4480.00 | 24.12.2020 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| കിഴക്കഞ്ചേരി | 2243 | 2655.98 | 18.09.2021 | ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല.സ്ഥലം കിട്ടുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ് . |
| തേങ്കുറുശ്ശി | 150 | 34.00 | 21.08.2020 | 664 കണക്ഷനുകൾ നൽകി കഴിഞ്ഞു |
| തേങ്കുറുശ്ശി | 500 | 50 | 24.12.2020 | |
| തേങ്കുറുശ്ശി | 5083 | 999.75 | 18.09.2021 | 60% വിതരണ ശൃംഖല സ്ഥാപിച്ചു കഴിഞ്ഞു. ആകെ 38 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 35 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| തേങ്കുറുശ്ശി | 1259 | 3190.00 | | പദ്ധതിക്കു ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| മേലാർകോട് | 1250 | 81.25 | 21.08.2020 | 4134 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| മേലാർകോട് | 3731 | 300.86 | 24.12.2020 | |
| മേലാർകോട് | 169 | 229.00 | | പദ്ധതിക്കു ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| കുഴൽമന്ദം | 50 | 3.40 | 21.08.2020 | 901 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| കുഴൽമന്ദം | 850 | 59.34 | 24.12.2020 | |
| കുഴൽമന്ദം | 4048 | 715.9 | | പദ്ധതിക്കു ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ആലത്തൂർ | 6688 | 4333 | 24.12.2020 | നെന്മാറ നിയോജക മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന പഞ്ചായത്തുകൾക്കും ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ എരിമയൂർ പഞ്ചായത്തുകൾക്കും തരൂർ നിയോജക |

| | | | | |
|---|---|---|---|---|
| | | | | മണ്ഡലത്തിലെ കാവശ്ശേരി പുതുക്കോട് പഞ്ചായത്തുകൾക്കും കൂടി ഉള്ള പ്രവൃത്തിക്ക് ഒരുമിച്ചാണ് ടെൻഡർ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്കായി ടെൻഡർ നടപടികൾ സ്വീകരിച്ച 26.04.2021 ന് പ്രവൃത്തി ഉത്തരവ് നൽകി 31% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 31.03.2023 ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. 880 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| എരിമയൂർ | 3043 | 4752 | 24.12.2020 | നെന്മാറ നിയോജക മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന പഞ്ചായത്തുകൾക്കും ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ എരിമയൂർ പഞ്ചായത്തുകൾക്കും തരൂർ നിയോജക മണ്ഡലത്തിലെ കാവശ്ശേരി പുതുക്കോട് പഞ്ചായത്തുകൾക്കും കൂടി ഉള്ള പ്രവൃത്തിക്ക് ഒരുമിച്ചാണ് ടെൻഡർ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്കായി ടെൻഡർ നടപടികൾ സ്വീകരിച്ച 26.04.2021 ന് പ്രവൃത്തി ഉത്തരവ് നൽകി 31% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 31.03.2023 ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. 220 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| വണ്ടാഴി | 6055 | 880.00 | 24.12.2020 | കിഫ്ബിയിലുൾപ്പെടുത്തി ഈ പദ്ധതിയിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. വിതരണശൃംഖല പുരോഗമിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. |
| വണ്ടാഴി | 817 | 967.43 | 18.09.2021 | ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭിക്കേണ്ടതുണ്ട്. സ്ഥലം കിട്ടുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. |